**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2155** **01-09-2022 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രത്യേക പദ്ധതി നടപ്പിലാക്കാൻ തയ്യാറാവുമോ; വ്യക്തമാക്കുമോ;; | (എ) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ബോധവൽക്കരണത്തിലൂടെ ജനങ്ങളുടെ ജീവിതചര്യയിൽ മാറ്റമുണ്ടാക്കുകയും അതിലൂടെ ജീവിതശൈലീ രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുക എന്നതുമാണ്. ഇതിനായി വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി നടപ്പിലാക്കി വരുന്നു. ഓപ്പൺ ജിംനേഷ്യം, യോഗാ സെന്ററുകൾ, വ്യായാമത്തിനുള്ള മറ്റ് സൗകര്യങ്ങൾ എന്നിവ ജീവിതശൈലി രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പഞ്ചായത്തുകളുടെ സഹകരണത്തോടു കൂടി നടപ്പിലാക്കി വരുന്നു. കൂടുതൽ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഓരോ സാമ്പത്തിക വർഷത്തേയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br><br>നവകേരള കർമ്മ പദ്ധതി - 2 ന്റെ ഭാഗമായി ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ പര്യവേഷണ പദ്ധതിയായ "അല്പം ശ്രദ്ധ, ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പെയ്ൻ തുടക്കത്തിൽ ഒരു നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | വർദ്ധിച്ചു വരുന്ന ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സർക്കാർ നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളും പദ്ധതികളും എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും |

താലൂക്ക് ആശുപത്രികളിലും 232 സി.എച്ച്.സി. കളിലും 835 പി.എച്ച്.സി. കളിലും 5400 ൽപ്പരം Sub centre കളിലും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

<u>ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപപദ്ധതികൾ</u>

1. <u>പക്ഷാഘാത ചികിത്സാ പദ്ധതി (ശിരസ്- SIRAS) (Stroke Identification, Rehabilitation, Awareness and Stabilisation Programme)</u>

2. <u>ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗനിർണയ പദ്ധതി</u>

നവകേരള കർമ്മ മിഷൻ - 2 ന്റെ ഭാഗമായി ഇ ഹെൽത്തിന്റെ സഹായത്തോടു കൂടി "ശൈലീ" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ ആശമാരുടെ സഹകരണത്തോടു കൂടി "അല്പം ശ്രദ്ധ, ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പെയിൻ വഴിയുള്ള വിവര ശേഖരണം നടത്തുന്നു. തുടക്കത്തിൽ ഒരു നിയോജകമണ്ഡലത്തിലെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനെ തുടർന്ന് ഘട്ടം ഘട്ടമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി എൻ.സി.ഡി പ്ലാൻ പദ്ധതിയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടുകളും ഉപയോഗപ്പെടുത്തുന്നതാണ്.

3. <u>IHCI (India Hypertension Control Initiative)</u>

എല്ലാ ജില്ലാ ചികിത്സാ കേന്ദ്രങ്ങളിലും 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പേരുടെയും രക്തമർദ്ദം പരിശോധിക്കുന്നതിനും രോഗം കണ്ടെത്തുന്നവരെ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിൽ ചികിത്സിക്കുന്നതിനും അവരുടെ രോഗം നിയന്ത്രിക്കപ്പെടുന്നതു വരെ follow up ചെയ്യുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

4. <u>CAPD Clinics (Continuous Ambulatory Peritoneal Dialysis)</u>

ആരോഗ്യ വകുപ്പ് താരതമ്യേന ചിലവ് കുറയുന്നതും വീട്ടിൽ വച്ച് ചെയ്യാവുന്നതുമായ CAPD ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പദ്ധതി ആരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, പാലക്കാട് ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ ഇതിന്റെ

| | | | |
|---|---|---|---|
| | | | പ്രവർത്തനം നടപ്പിലായത്. ഇപ്പോൾ എല്ലാ ജില്ലകളിലും ഈ പദ്ധതി പ്രവർത്തനസജ്ജമാണ്.<br><br>5. ഡയബറ്റിക് റെറ്റിനോപതി (നയനാമൃതം പദ്ധതി)<br><br>പ്രമേഹ രോഗത്തിന്റെ complication ആയ ഡയബറ്റിക് റെറ്റിനോപ്പതി അഥവാ നേത്രപടല അന്ധത നിർണയിക്കുന്നതിനും, ചികിത്സിക്കുന്നതിനും, സംസ്ഥാന ആരോഗ്യ വകുപ്പ് 'നയനാമൃതം' പദ്ധതി ആരംഭിച്ചിരിക്കുന്നു.<br><br>6. COPD നിയന്ത്രണ പദ്ധതി (SWASS)<br><br>ഗുരുതര ശ്വാസകോശ രോഗമായ Chronic Obstructive Pulmonary Disease നിർണയിക്കുന്നതിനും ചികിത്സിക്കുന്നതിനും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ജില്ലാ ആശുപത്രികളിലും SWASS ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>7. ക്യാൻസർ<br><br>ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കും എല്ലാ ജില്ലകളിലും ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 25 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനസജ്ജമാണ്. നിലവിലുള്ള ഡോക്ടർമാർക്ക് റീജണൽ ക്യാൻസർ സെന്ററുകളിൽ പ്രത്യേക പരിശീലനം നൽകിയാണ് ഈ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നത്. കൂടാതെ ജില്ലാ കാൻസർ കെയർ പദ്ധതി പ്രകാരം എല്ലാ ജില്ലാ ആശുപത്രികളിലും പ്രാദേശികതലത്തിൽ ക്യാൻസർ കണ്ടെത്തുന്നതിന് ജനസംഖ്യാധിഷ്ഠിതമായി സ്ക്രീനിംഗ് നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |

സെക്ഷൻ ഓഫീസർ